**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1417** **19-09-2025 - ൽ മറുപടിയ്ക്ക്**

**പൈതൽ മല ടൂറിസം കോംപ്ലക്സ് തുറന്നു പ്രവർത്തിപ്പിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സജീവ് ജോസഫ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | ഇരിക്കൂർ മണ്ഡലത്തിലെ വിനോദ സഞ്ചാര കേന്ദ്രമായ പൈതൽമലയിലെ ടൂറിസം കോംപ്ലക്സ് തുറന്ന് പ്രവർത്തിപ്പിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ; | (എ) | ഇരിക്കൂർ മണ്ഡലത്തിലെ വിനോദ സഞ്ചാര കേന്ദ്രമായ പൈതൽമലയിലെ ടൂറിസം കോംപ്ലക്സ് കണ്ണൂർ ഡിടിപിസി യുടെ നിയന്ത്രണത്തിലാണ്. മേൽ സ്ഥലത്തേക്ക് വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിന് ആകെ 31 ലക്ഷത്തോളം രൂപ KSEBയ്ക്ക് നൽകി മേൽ സ്ഥലത്തേക്ക് ത്രീ ഫേസ് കണക്ഷൻ, ട്രാൻസ്ഫോമർ എന്നിവ സ്ഥാപിക്കുകയും ഡി.ടി.പി.സി പ്രസ്തുത കോംപ്ലക്സ് ടെണ്ടർ പ്രകാരം നടത്തിപ്പിന് നൽകുകയും ചെയ്തിരുന്നു. എന്നാൽ കോവിഡിന് ശേഷം കരാറുകാരൻ നടത്തിപ്പിൽ നിന്നും പിന്മാറിയതിനെ തുടർന്നാണ് സെന്ററിന്റെ പ്രവർത്തനത്തിൽ തടസ്സം നേരിട്ടത്. |
| (ബി) | പ്രസ്തുത ടൂറിസം കോംപ്ലക്സ് അറ്റകുറ്റപണികൾ നടത്തി നവീകരിക്കുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ ആയതിന് അംഗീകാരം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശം നൽകാമോ; | (ബി) | ടൂറിസം കോംപ്ലക്സിന്റെ അറ്റകുറ്റപണികൾക്കായി കണ്ണൂർ ഡി.റ്റി.പി.സി സമർപ്പിച്ച എസ്റ്റിമേറ്റിന്മേൽ ഭരണാനുമതി വിനോദസഞ്ചാര വകുപ്പുഡയറക്ടർ നൽകിയിരുന്നു. മുമ്പ് നടത്തിക്കൊണ്ടിരുന്ന കരാറുകാരനെതിരെ ആർബിട്രേഷൻ നടപടികൾ പൂർത്തീകരിക്കേണ്ടതിനാൽ പ്രസ്തുത നിർമ്മാണത്തിൽ നവീകരണ പ്രവൃത്തികൾ ആരംഭിച്ചിട്ടില്ല. അതേ സമയം പ്രസ്തുത കോംപ്ലക്സ് തുറന്നു പ്രവർത്തിക്കുന്നതിനു വേണ്ടി ഏറ്റെടുക്കാൻ താൽപര്യമുള്ളവരിൽ നിന്ന് നിലവിൽ ഡി.റ്റി.പി.സി ടെണ്ടർ ക്ഷണിക്കുകയും സെപ്റ്റംബർ 22 വരെ അപേക്ഷ സമർപ്പിക്കാനായി സമയം അനുവദിച്ചിട്ടുമുണ്ട്. |
| (സി) | പ്രസ്തുത ടൂറിസം കോംപ്ലക്സ് ഉടൻ തുറന്നു പ്രവർത്തിപ്പിക്കാനുള്ള നടപടി സ്വീകരിക്കുമോ? | (സി) | ടൂറിസം കോംപ്ലക്സിന്റെ അറ്റകുറ്റപണികൾക്കായി കണ്ണൂർ ഡി.റ്റി.പി.സി സമർപ്പിച്ച എസ്റ്റിമേറ്റിന്മേൽ ഭരണാനുമതി വിനോദസഞ്ചാര വകുപ്പുഡയറക്ടർ നൽകിയിരുന്നു. മുമ്പ് നടത്തിക്കൊണ്ടിരുന്ന കരാറുകാരനെതിരെ ആർബിട്രേഷൻ നടപടികൾ പൂർത്തീകരിക്കേണ്ടതിനാൽ പ്രസ്തുത നിർമ്മാണത്തിൽ നവീകരണ പ്രവൃത്തികൾ ആരംഭിച്ചിട്ടില്ല. അതേ |

| | | | |
|---|---|---|---|
| | | | സമയം പ്രസ്തുത കോംപ്ലക്സ് തുറന്നു പ്രവർത്തിക്കുന്നതിനു വേണ്ടി ഏറ്റെടുക്കാൻ താൽപര്യമുള്ളവരിൽ നിന്ന് നിലവിൽ ഡി.റ്റി.പി.സി ടെണ്ടർ ക്ഷണിക്കുകയും സെപ്റ്റംബർ 22 വരെ അപേക്ഷ സമർപ്പിക്കാനായി സമയം അനുവദിച്ചിട്ടുമുണ്ട്. |

സെക്ഷൻ ഓഫീസർ